## പതിനാലാം കേരള നിയമസഭ
### രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം **നമ്പർ : 1075** — **30.09.2016** ൽ മറുപടിയ്ക്ക്

**'കിലയുടെ പ്രാദേശിക കേന്ദ്രം തുടങ്ങുന്നതിനുള്ള പദ്ധതി'**

**ചോദ്യം**

**ശ്രീ.മോൻസ് ജോസഫ്**

**മറുപടി**

**ശ്രീ.ഇ. ചന്ദ്രശേഖരൻ**

(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| | | |
|---|---|---|
| (എ) | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂരിൽ കിലയുടെ പ്രാദേശികകേന്ദ്രം തുടങ്ങുന്നതിനു വേണ്ടി ഞീഴൂർ പഞ്ചായത്ത് വക 5 ഏക്കർ ഭൂമി അനുവദിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വന്നിട്ടുള്ള 24701/A1/Rev./16 ഫയലിന്മേൽ കോട്ടയം ജില്ലാ കളക്ടറും വൈക്കം തഹസിൽദാരും സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ; | കടുത്തുരുത്തി നിയോജക മണ്ഡലത്തിലെ ഞീഴൂരിൽ കിലയുടെ പ്രാദേശികകേന്ദ്രം തുടങ്ങുന്നതിനു വേണ്ടി ഞീഴൂർ പഞ്ചായത്ത് വക 5 ഏക്കർ ഭൂമി അനുവദിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും അയച്ച 24701/A1/Rev./16 നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ കിലയുടെ അധികാരികളിൽ നിന്നും റിക്വിസിഷൻ ഫോം ലഭ്യമാക്കി ഭൂമി കൈമാറ്റം സംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കോട്ടയം ജില്ലാ കളക്ടർ 29/06/2016-ലെ ഡിസികെടിഎം/ 299/2016-ഇ2 കത്ത് പ്രകാരം നിർദ്ദേശം നല്കിയതനുസരിച്ച് വൈക്കം തഹസിൽദാർ 10/08/2016 ലെ സി5-5547/16 നമ്പർ പ്രകാരം റിക്വിസിഷൻ ലഭ്യമാക്കുന്നതിന് കില അധികാരികൾക്ക് കത്ത് നല്കുകയുണ്ടായി. |
| (ബി) | വൈക്കം തഹസീൽദാർ കിലയ്ക്ക് റിപ്പോർട്ടിനു വേണ്ടി ഫയൽ അയച്ചിട്ടുണ്ടോ; എങ്കിൽ എന്ന് അയച്ചു എന്ന് വ്യക്തമാക്കാമോ; ബന്ധപ്പെട്ട ഫയലിന്റെ അടിസ്ഥാനത്തിൽ കില റിപ്പോർട്ട് നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ? | വൈക്കം തഹസിൽദാർ 10/08/2016 ലെ സി 5-5547/16 നമ്പർ കത്ത് പ്രകാരം ഭൂമി കൈമാറ്റത്തിനുള്ള റിക്വിസിഷൻ ഫോം ലഭ്യമാക്കുന്നതിന് കില അധികാരികൾക്ക് നിർദ്ദേശം നല്കുകയുണ്ടായി. എന്നാൽ നാളിതുവരെ കില അധികാരികൾ റിക്വിസിഷൻ ഫോം സമർപ്പിക്കുകയുണ്ടായില്ല. |

സെക്ഷൻ ഓഫീസർ